സ്റ്റാർട്ട്അപ്പ് നയം പ്രഖ്യാപിക്കാൻ നടപടി

245 (2483) ശ്രീ. പാലോട് രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്റ്റാർട്ട്അപ്പ് നയം പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) നയത്തിന്റെ കരട് രൂപം തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) നയം എന്നാണ് പ്രഖ്യാപിക്കാനുദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്. അതിന്റെ ഭാഗമായി കേരളാ ടെക്നോളജി സ്റ്റാർട്ട്അപ്പ് പോളിസിയുടെ കരട് രൂപം തയ്യാറാക്കുകയും പൊതുജനാഭിപ്രായം ആരായുന്നതിനായി പ്രധാനപ്പെട്ട വെബ്സൈറ്റുകളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഇതിൽ നിന്നും ലഭിച്ച അഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തി സ്റ്റാർട്ട്അപ്പ് പോളിസിയുടെ അന്തിമ രൂപം തയ്യാറാക്കി വരുന്നു.

(ബി) കേരളത്തിലെ യുവതീയുവാക്കളെ ശാസ്ത്രസാങ്കേതിക മേഖലകളിൽ വളർത്തിയെടുക്കുക, അവരിലെ കഴിവുകളെ പ്രോത്സാഹിപ്പിക്കുക, അവരുടെ സ്വപ്നങ്ങൾ യഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടെ രൂപം കൊടുത്ത നയമാണ് ടെക്നോളജി സ്റ്റാർട്ട്അപ്പ് നയം. ഇതുവഴി കേരളത്തെ സംരംഭകത്വ സമൂഹമായി വളർത്തുകയും വിവിധ മേഖലകളിൽ സ്റ്റാർട്ട്അപ്പ് കമ്പനികളെ വളർത്തി എടുക്കുകയുമാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ഇന്ത്യയിലെ തന്നെ നൂതന കമ്പനികളുടെ നമ്പർ വൺ മേഖലയായി മാറുവാൻ ലോകത്തിലെ 5 പ്രധാന സ്റ്റാർട്ട്അപ്പ് സമൂഹത്തിൽ ഒന്നാകുകയും ചെയ്യുവാൻ വേണ്ട പദ്ധതികൾ കേരള ഗവൺമെന്റ് ആരംഭിച്ചു കഴിഞ്ഞു. ടെക്നോളജി സ്റ്റാർട്ട്അപ്പ് നയത്തിന്റെ വിശദാംശങ്ങൾ കേരള ഗവണമെന്റ്, കേരളാ സ്റ്റേറ്റ് ഐ.റ്റി. മിഷൻ, ഐ.റ്റി. അറ്റ് കേരളാ, ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻക്യൂബേറ്റർ തുടങ്ങിയവയുടെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിരുന്നു. അതിൽ നിന്നും ലഭിച്ച പൊതുജനാഭിപ്രായത്തെ അടിസ്ഥാനമാക്കി നയത്തിന്റെ അന്തിമ രൂപം തയ്യാറാക്കി വരുന്നു.

(സി) ഉണ്ട്.

(ഡി) കരട് നയത്തിന് ഉടൻതന്നെ അന്തിമ രൂപം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly